കവർസ്റ്റോറി

പി.കെ ജമാൽ

# വിശുദ്ധ ഖുർആൻ

## ആശയങ്ങളിൽ ജീവിക്കുന്നവരും അക്ഷരങ്ങളിൽ അഭിരമിക്കുന്നവരും

ഖുർആനികാശയങ്ങളുടെ ആത്മാവിലേക്കിറങ്ങാതെ അക്ഷരങ്ങളിൽ അഭിരമിക്കുന്നവരെ പ്രവാചകൻ പലവട്ടം താക്കീത് ചെയ്തിട്ടുണ്ട്. താൻ സൃഷ്ടിക്കാനുദ്ദേശിക്കുന്ന സമൂഹത്തിന്റെ നിർമിതിയിൽ ഖുർആൻ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ബോധവാനായിരുന്നു പ്രവാചകൻ. ഇത് ജീവിതപദ്ധതിയാണ്, കർമഗ്രന്ഥമാണ്, വിശ്വാസ സംഹിതയാണ്, പെരുമാറ്റച്ചട്ടമാണ്, നിയമവ്യവസ്ഥയാണ് എന്നീ നിലകളിൽ ഖുർആനെ സമീപിക്കാനായിരുന്നു പ്രവാചകൻ അവരെ പഠിപ്പിച്ചത്. ശക്തവും ഭദ്രവുമായ ഒരു സമൂഹത്തിന്റെ നിർമാണം ഇന്നും സാധിക്കേണ്ടത് ഖുർആൻ ഊന്നുന്ന ആശയത്തിന്റെ അടിത്തറയിൽതന്നെ.

**വിശുദ്ധ** ഖുർആൻ സൃഷ്ടിച്ച വിപ്ലവം ചരിത്രത്തിൽ അനുപമമാണ്. ഒരു ജനതയുടെ സ്വഭാവവും സംസ്കാരവും പെരുമാറ്റ രീതിയും ചിന്തയും വിചാരവും മാറ്റിപ്പണിത്, ഉത്കൃഷ്ടവും ഉദാത്തവുമായ മൂല്യങ്ങളുടെ പടച്ചട്ടയണിയിച്ച്, അവരെ ലോകത്തിന്റെ നേതൃപദവിയിലേക്ക് ഉയർത്തുകയെന്ന മഹത്തായ ദൗത്യമാണ് ഖുർആൻ വിജയകരമായി പൂർത്തീകരിച്ചത്. ഖുർആൻ വാർത്തെടുത്ത ആദ്യത്തെ മാതൃകാ സമൂഹം പ്രവാചകനായ മുഹമ്മദ് നബിയുടെ അനുചരന്മാരാണ്. ഇസ്‌ലാമിന്റെ ശരിയായ പ്രതിനിധാനത്തിന് സ്വഹാബിമാരെ പ്രാപ്തരാക്കിയ വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യത്തെ സംബോധിതനായ മുഹമ്മദി(സ)ന്റെ ജീവിതമായിരുന്നു അവരെ നയിച്ച വെളിച്ചം. ജീവിതത്തിന്റെ ഓരോ അണുവിലും ഖുർആന്റെ പ്രഭ ഏറ്റുവാങ്ങിയ പ്രവാചകൻ വിശുദ്ധ ഗ്രന്ഥത്തിന്റെ ഭാഷ്യവും വ്യാഖ്യാനവുമായിരുന്നു. മണ്ണിൽ കാലൂന്നി വിണ്ണിലേക്ക് വളർന്നു ചുറ്റിലും പ്രകാശം പരത്തിയ ദൈവദൂതനിൽ അവർ ചലിക്കുന്ന ഖുർആനെ കണ്ടു.

ആഇശ(റ)യാണ് ഈ സത്യം മനസ്സിലാക്കി പ്രഖ്യാപിച്ച ആദ്യത്തെ മഹതി. "ഖുർആനായിരുന്നു പ്രവാചകന്റെ സ്വഭാവവും സംസ്കൃതിയും. ഖുർആന് ഹിതമായത് പ്രവാചകന്നും ഹിതം. ഖുർആന്ന് അഹിതമായത് പ്രവാചകന്നും അഹിതം" (അഹ്മദ്). പ്രവാചക ചര്യ ഖുർആന്റെ വ്യാഖ്യാനമായി. അതാണ് ഇമാം ശാഫിഈ പറഞ്ഞത്: "ദൈവദൂതന്റെ വിധികളെല്ലാം ഖുർആനിൽനിന്ന് നിർധാരണം ചെയ്തതാണ്"(ഇബ്നു കസീർ). പ്രവാചകന്റെ ഖുർആൻ പാരായണം സാവധാനത്തിൽ, പ്രതിപദം നിർത്തി നിർത്തിയായിരുന്നു. പത്നി ഹഫ്സ(റ) ഓർക്കുന്നു: "റസൂൽ ഖുർആൻ ഓതിയാൽ ഓരോ അധ്യായവും ഉള്ളതിനേക്കാൾ ദൈർഘ്യമുള്ളതായി തോന്നുമായിരുന്നു" (മുസ്‌ലിം). ആശയങ്ങൾ ഗ്രഹിച്ചും ചിന്തിച്ചും മനനം ചെയ്തുമായിരുന്നു ആ പാരായണം. അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്ന സൂക്തങ്ങളിലൂടെ കടന്നുപോകുമ്പോൾ തസ്ബീഹ് ഉരുവിട്ടും അർഥനകളിലൂടെ കടന്നുപോകുമ്പോൾ യാചിച്ചും ശരണം തേടുന്ന വചനങ്ങൾ വരുമ്പോൾ അഭയമർഥിച്ചും നീങ്ങുന്ന ആ പാരായണം അല്ലാഹു തന്നോടു സംസാരിക്കുകയാണെന്ന ഭാവേനയായിരുന്നു. ഹുദൈഫതുബ്നുൽ യമാൻ നബി(സ)യോടൊപ്പം നിർവഹിച്ച ഒരു നമസ്കാരം അനുസ്മരിക്കുന്നു: "ഞാനൊരു ദിവസം നബി(സ)യോടൊപ്പം നമസ്കരിച്ചു. *അൽബഖറ* ഓതിത്തീർത്തു. പിന്നെ സൂറ *അന്നിസാഅ്* ഓതി. അത് കഴിഞ്ഞ് *ആലു ഇംറാൻ* അധ്യായം. സാവധാനത്തിൽ നിർത്തി നിർത്തിയായിരുന്നു ആ പാരായണം. തസ്ബീഹുള്ള സൂക്തമോതുമ്പോൾ തസ്ബീഹ് ചൊല്ലും. ചോദിക്കേണ്ട വചനങ്ങളിലൂടെ കടന്നുപോകുമ്പോൾ ചോദിക്കും. അഭയം തേടുന്ന സൂക്തമാവുമ്പോൾ അഭയം തേടും. പിന്നെ

റുകൂഇലേക്ക് പോയി" (മുസ്‌ലിം). പുലരുവോളം ഒരേയൊരു ആയത്ത് ആവർത്തിച്ചുകൊണ്ട് നബി ഒരിക്കൽ നമസ്‌കരിച്ചിരുന്നു. "നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ അവർ നിന്റെ ദാസന്മാരാണല്ലോ. ഇനി നീ അവർക്ക് മാപ്പരുളുന്നുവെങ്കിലോ നീ അജയ്യനും അഭിജ്ഞനുംതന്നെ" (*അൽമാഇദ* 118) എന്ന സൂക്തമായിരുന്നു അത്.

ഖുർആനികാശയങ്ങളുടെ ആത്മാവിലേക്കിറങ്ങാതെ അക്ഷരങ്ങളിൽ അഭിരമിക്കുന്നവരെ പ്രവാചകൻ പലവട്ടം താക്കീത് ചെയ്തിട്ടുണ്ട്. സഹ്‌ലുബ്നു സഅ്ദുസ്സാഇദ്(റ) ഓർക്കുന്നു: "ഒരിക്കൽ ഞങ്ങൾ ഖുർആൻ ഓതിക്കൊണ്ടിരുന്നപ്പോൾ പ്രവാചകൻ കടന്നുവന്നു പറഞ്ഞു: അല്ലാഹുവിന് സ്തുതി. അല്ലാഹുവിന്റെ ഗ്രന്ഥം ഒന്നേയുള്ളൂ. നിങ്ങളിൽ ഉത്തമന്മാരുണ്ട്, ചുകന്നവരും കറുത്തവരുമുണ്ട്. നിങ്ങൾ ഖുർആൻ പാരായണം ചെയ്തു കൊള്ളുക. ഇനി ഒരു കൂട്ടർ വരാനുണ്ട്. അവർ ഖുർആൻ ഓതും. അതിലെ അക്ഷരങ്ങൾ നേരെയാക്കുന്നതിലാവും അവരുടെ ശ്രദ്ധ; അമ്പ് നേരെയാക്കി നിർത്തുന്ന പോലെ. അവരുടെ തൊണ്ടക്കുഴി കടക്കില്ല അവരുടെ ആ പാരായണം. അതിന്റെ പ്രതിഫലം ഉടനെ കിട്ടാനാണ് അവരുടെ ധൃതി. പിന്നെ കിട്ടിയാൽ അവർക്ക് മതിയാവില്ല" (ഇബ്നു ഹിബ്ബാൻ). അർഥവും ആശയവും ഗ്രഹിച്ച് ഓതണമെന്നാണ് നബി(സ)യുടെ നിർദേശം. ഖുർആൻ ഒരാവൃത്തി ഓതിത്തീർക്കാവുന്ന കാലപരിധിയെക്കുറിച്ച് തിരക്കിയ അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസിന് നബി(സ) നൽകിയ മറുപടി ശ്രദ്ധേയമാണ്. "ഒരു മാസം കൊണ്ട് മതി" യെന്ന് നബി(സ) പറഞ്ഞപ്പോൾ അംറ്: "എനിക്കതിൽ കൂടുതൽ സാധിക്കും." നബി: "എങ്കിൽ ഇരുപത്തഞ്ചു ദിവസം." "എനിക്കതിൽ കൂടുതൽ കഴിയും." "എങ്കിൽ ഇരുപത് ദിവസം കൊണ്ടോ പതിനഞ്ചു ദിവസം കൊണ്ടോ ഏഴു ദിവസം കൊണ്ടോ പൂർത്തിയാക്കികൊള്ളുക. മൂന്നിൽ കുറഞ്ഞ ദിവസം കൊണ്ട് ഓതിത്തീർക്കുന്നവൻ ഒന്നും ഗ്രഹിക്കാൻ പോകുന്നില്ല"- നബി തീർത്തു പറഞ്ഞു (അഹ്മദ്).

താൻ സൃഷ്ടിക്കാനുദ്ദേശിക്കുന്ന സമൂഹത്തിന്റെ നിർമിതിയിൽ ഖുർആൻ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ബോധവാനായിരുന്നു പ്രവാചകൻ. വ്യക്തിയുടെയും സമൂഹത്തിന്റെയും ഇഹപര ജീവിത സൗഭാഗ്യത്തിന് നിദാനമായ അടിസ്ഥാനങ്ങൾ പണിയുന്ന ഖുർആൻ, തന്റെ അനുചരന്മാർക്ക് വെളിച്ചവും വഴികാട്ടിയുമാവണം എന്ന നിർബന്ധമായിരുന്നു ഓരോ നിർദേശത്തിന് പിന്നിലും. ജീവിതപദ്ധതിയാണ്, കർമഗ്രന്ഥമാണ്, വിശ്വാസ സംഹിതയാണ്, പെരുമാറ്റ ചട്ടങ്ങളാണ്, നിയമ വ്യവസ്ഥയാണ് എന്നീ നിലകളിൽ ഖുർആനെ സമീപിക്കാനായിരുന്നു പ്രവാചകൻ അവരെ പഠിപ്പിച്ചത്. ഖുർആനികാധ്യാപനങ്ങൾക്ക് അനുരോധമായി ജീവിക്കണമെന്ന്, പൂർവവേദക്കാരുടെ അനുഭവങ്ങൾ നിരത്തി പ്രവാചകൻ അവരോടാവശ്യപ്പെട്ടു: "ഖുർആൻ ഒന്നുകിൽ നിനക്ക് അനുകൂലമായ തെളിവാണ്. അല്ലെങ്കിൽ നിനക്കെതിരായ തെളിവാണ്." ഖുർആനെ കരുതലോടെ, ജാഗ്രതയോടെ സമീപിക്കാനുള്ള ഈ നിർദേശത്തിൽ ഒരു കനത്ത താക്കീതിന്റെ സ്വരമുണ്ട്. സമൂഹത്തിന്റെ ഐക്യവും ഭദ്രതയും ഖുർആൻ ഊന്നുന്ന ഒരു വശമാണ്. ഒരിക്കലും ഖുർആൻ ഭിന്നിപ്പിനും ശൈഥില്യത്തിനും നിമിത്തമായിക്കൂടാ. അറിഞ്ഞതനുസരിച്ച് പ്രവർത്തിക്കുക, അറിയാത്തത് അഭിജ്ഞനായ അല്ലാഹുവിന് വിടുക. ഇതാണ് നബി(സ)യുടെ നിർദേശം. അംറുബ്നു ശുഐബ് തന്റെ പിതാവിനുണ്ടായ ഒരനുഭവം ഓർക്കുന്നു: "റസൂലിന്റെ വസതിക്കടുത്തിരുന്ന് ഖുർആൻ ഓതുകയായിരുന്നു മുതിർന്ന സ്വഹാബിമാർ. ഞാനും എന്റെ സഹോദരനും അവിടെ ചെന്നിരുന്നു. ഒരു ആയത്തിനെ ചൊല്ലി തർക്കമായി, വാഗ്വാദമായി. ഒച്ച പൊങ്ങി. അന്നേരമാണ് കോപിഷ്ടനായ റസൂൽ ചുവന്നു തുടുത്ത, ദേഷ്യം വിളിച്ചോതുന്ന മുഖവുമായി അങ്ങോട്ട് കടന്നുവന്നത്. "കൂട്ടരേ ഒന്നടങ്ങു. നിങ്ങൾക്ക് മുമ്പുള്ള ജനപഥങ്ങളും തങ്ങളുടെ പ്രവാചകന്മാരോട് ഭിന്നിച്ചതിന്റെ പേരിൽ ഈ വിധമാണ് നശിച്ചൊടുങ്ങിയത്. വേദഗ്രന്ഥങ്ങൾ അവർ മറ്റുള്ളവരെ പ്രഹരിക്കാനുള്ള വടിയാക്കി. വേദഗ്രന്ഥത്തിൽ നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞതിനനുസരിച്ച് പ്രവർത്തിക്കുക. നിങ്ങൾക്ക് അറിയാത്തത് അഭിജ്ഞനായ അല്ലാഹുവിന് വിടൂ" (അഹ്മദ്). ജുൻദുബ്നു അബ്ദില്ലാഹ് റിപ്പോർട്ട് ചെയ്യുന്നു: "നിങ്ങളുടെ ഹൃദയങ്ങൾ ഇണങ്ങി ഒന്നായി നിൽക്കുമ്പോൾ ഖുർആൻ ഓതുക. ഭിന്നിക്കുന്നു എന്നു കണ്ടാൽ എഴുന്നേറ്റുപോവുക" (ബുഖാരി).



**ആശയങ്ങൾ ഗ്രഹിച്ചും ചിന്തിച്ചും മനനം ചെയ്തുമായിരുന്നു ആ പാരായണം. അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്ന സൂക്തങ്ങളിലൂടെ കടന്നുപോകുമ്പോൾ തസ്ബീഹ് ഉരുവിട്ടും അർഥനകളിലൂടെ കടന്നുപോകുമ്പോൾ യാചിച്ചും ശരണം തേടുന്ന വചനങ്ങൾ വരുമ്പോൾ അഭയമർഥിച്ചും നീങ്ങുന്ന ആ പാരായണം അല്ലാഹു തന്നോടു സംസാരിക്കുകയാണെന്ന ഭാവേനയായിരുന്നു.**

## അറിവിന്റെ ഉറവിടം ഖുർആൻ

സ്വഛവും ശുദ്ധവുമായ അറിവിന്റെ ഉറവിടം ഖുർആനാണെന്ന വിശ്വാസത്തിന് മങ്ങലേൽപിക്കുന്ന ഒരു പ്രവണതക്കും തന്റെ അനുചരന്മാർ അടിപ്പെടരുതെന്ന് പ്രവാചകന് നിർബന്ധമുണ്ടായിരുന്നു. ചിന്തകളെയും വീക്ഷണങ്ങളെയും രൂപപ്പെടുത്തുന്ന ആദ്യത്തെയും അവസാനത്തെയും വാക്ക് ഖുർആന്റേതാവണമെന്നും അവരെ നബി(സ) ബോധ്യപ്പെടുത്തി. പൂർവ വേദങ്ങളിൽനിന്ന് കിട്ടിയ ചില ഏടുകളുമായി ഒരിക്കൽ ഉമർ(റ) നബിയുടെ സന്നിധിയിൽ വന്നു: "അല്ലാഹുവിന്റെ ദൂതരേ, പൂർവവേദങ്ങളിൽ നിന്നുള്ള ചില നല്ല ലിഖിതങ്ങൾ എന്റെ കൈവശം വന്നിട്ടുണ്ട്. "ഇത് കേട്ടപ്പോൾ റസൂലിന് കോപമാണുണ്ടായത്. നബി(സ) പറഞ്ഞു: "... ഇബ്നുൽ ഖത്താബ്! നിങ്ങളും ഇതിൽ

വീണ്ടുവിചാരമില്ലാതെ ചെന്നു ചാടുകയാണോ? അല്ലാഹുവാണ. ശുഭ്രവും ശുദ്ധവുമായ സത്യമാണ് ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾ അവരോട് ഒന്നും ചോദിച്ചേക്കരുത്. ചിലപ്പോൾ അവർ പറയുന്ന നേര് നിങ്ങൾ കളവാക്കി തള്ളി എന്നുവരാം. ചില സന്ദർഭങ്ങളിൽ അവരുടെ വ്യാജോക്തികൾ സത്യമാണെന്ന് നിങ്ങൾ ധരിച്ചെന്നുവരാം. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനിൽ സത്യം. മൂസ(അ) ഇപ്പോൾ ജീവിച്ചിരുന്നുവെങ്കിൽ, അദ്ദേഹത്തിന് എന്നെ പിൻപറ്റുകയേ നിർവാഹമുള്ളൂ." ഈ സംഭവം സയ്യിദ് ഖുത്ബ് വിശദീകരിക്കുന്നു: "ആ തലമുറയെ നിർമിച്ചെടുക്കുന്ന ആദ്യഘട്ടത്തിലെ അറിവിന്റെ സ്രോതസ്സ് ഖുർആൻ മാത്രമാവണമെന്ന് പ്രവാചകന് നിർബന്ധമുണ്ടായിരുന്നു. മറ്റൊരു ഉറവിടം അവർ തേടിയത് അതുകൊണ്ടാണ് നബി (സ) നിരുത്സാഹപ്പെടുത്തിയത്. ഖുർആൻ ഉൾക്കൊള്ളുന്ന ആശയവും വിശുദ്ധ വേദഗ്രന്ഥം കാണിച്ചുകൊടുത്ത സരണിയുമല്ലാത്തതെല്ലാം തിരസ്കരിക്കുന്ന, തെളിഞ്ഞ ചിന്തയും അവബോധവും കാഴ്ചപ്പാടും വീക്ഷണവുമുള്ള ഒരു പുതിയ തലമുറയുടെ സൃഷ്ടിയായിരുന്നു പ്രവാചകൻ ലക്ഷ്യമാക്കിയത്" (*മആലിമു ഫിത്വരീഖ്*- സയ്യിദ് ഖുത്ബ്).

സ്വഹാബിമാരുടെ സമൂഹം ഖുർആനെ ഹൃദയപൂർവം എതിരേറ്റു. ഖുർആന്റെ അവതരണോദ്ദേശ്യം നന്നായി ഗ്രഹിച്ച ആ സമൂഹം തങ്ങളുടെ ജീവിതം ദൈവിക ഗ്രന്ഥത്തിന്റെ മൂശയിൽ വാർത്തെടുത്തു. ആ സമൂഹം ലോകത്ത് സൃഷ്ടിച്ച മഹത്തായ വിപ്ലവത്തിന് കാലം സാക്ഷി. അന്നുവരെ ലോകത്തിന് പരിചയമില്ലാതിരുന്ന ഒരു സമൂഹത്തിന്റെ വിസ്മയാവഹമായ പിറവിക്ക് ഹേതുവായത് ഖുർആൻ ആണെന്ന സത്യം, വരും കാലങ്ങളിലും വിപ്ലവകരമായ മാറ്റങ്ങൾക്ക് ഈ വിശുദ്ധ ഖുർആൻ വഴിയൊരുക്കുമെന്ന നമ്മുടെ ബോധ്യത്തിന് അടിവരയിടുന്നു. സമൂഹത്തിന്റെ മനോവീര്യം ഉയർത്താനും അന്തസ്സാർന്ന നിലനിൽപ് ഉറപ്പുവരുത്താനും ഖുർആൻ ഉദ്ഘോഷിക്കുന്ന ഇസ്‌ലാമിനേ കഴിയുകയുള്ളൂവെന്ന് ആ തലമുറ ദൃഢമായി വിശ്വസിച്ചു. ക്രൈസ്തവ പ്രമുഖരുമായി കൂടിക്കാഴ്ച നടത്താനും ബൈത്തുൽ മഖ്ദിസിന്റെ താക്കോൽ ഏറ്റുവാങ്ങാനും പുറപ്പെട്ട ഉമറിനോട് തന്റെ കീറിപ്പറിഞ്ഞ വസ്ത്രം മാറ്റാൻ അഭ്യർഥിച്ച അബൂ ഉബൈദതുബ്നുൽ ജർറാഹിനോട് ഖലീഫ ഉമർ പ്രതികരിച്ചതോർക്കുന്നില്ലേ? "അബൂ ഉബൈദ! താങ്കളല്ലാത്ത മറ്റു വല്ലവരുമായിരുന്നു ഈ ആവശ്യമുന്നയിച്ചതെങ്കിൽ മുഹമ്മദിന്റെ ഉമ്മത്തിന് പാഠമാകത്തക്ക വിധം കനത്ത ശിക്ഷ ഞാൻ നൽകിയേനേ. ഇസ്‌ലാം മുഖേന അല്ലാഹു അന്തസ്സ് നൽകിയ സമൂഹമാണ് നാം. ആ അന്തസ്സ് മറ്റു വല്ലതിലും തേടിച്ചെന്നാൽ അല്ലാഹു നമ്മെ ഇടിച്ചുതാഴ്ത്തും." ഖുർആനുമായി തങ്ങൾ സ്ഥാപിച്ച ബന്ധത്തിന്റെ ദാർഢ്യത്തെക്കുറിച്ചറിയുന്ന സ്വഹാബിവര്യന്മാർ, ഭാവിതലമുറയും ഈ ബന്ധം ഇതേ ശക്തിയോടെ കാത്തുസൂക്ഷിക്കണമെന്നാഗ്രഹിച്ചവരായിരുന്നു. മാർഗദർശക ഗ്രന്ഥമായവതരിച്ച ഖുർആൻ കേവല പാരായണത്തിന്റെ തലത്തിലേക്ക് താഴ്ത്തപ്പെട്ട് അവഗണനക്ക് വിധേയമായി പോകുമോ എന്ന ഭയം അവർക്കുണ്ടായിരുന്നു. പുരുഷ കേസരികളെ സൃഷ്ടിച്ച ദിവ്യവചനങ്ങളുടെ മാസ്മരിക ശക്തി, പുറന്തൊലി പ്രധാനമായ പാരായണ കൗതുകങ്ങളിൽ ഒതുങ്ങിയാലുള്ള അപകടം അവർ തിരിച്ചറിഞ്ഞിരുന്നു. ജീവിക്കുന്ന തലമുറക്ക് അവർ നൽകിയ ഉപദേശങ്ങൾ ഈ സത്യം ബോധ്യപ്പെടുത്തുന്നു.

വ്യക്തിയുടെ ചിന്തയും കർമവും രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് ഖുർആന് മാത്രമേ പാടുള്ളൂവെന്ന് അവർ ശഠിച്ചു. ജീവിതം ഖുർആനിന് വേണ്ടി ഉഴിഞ്ഞുവെക്കാനും ഖുർആന്റെ പ്രസക്തിക്ക് മങ്ങലേൽപിക്കുന്ന പ്രവണതകൾ അവസാനിപ്പിക്കാനും അവർ ആഹ്വാനം ചെയ്തു. ഇസ്‌ലാമിന് വിജയം കൈവരികയും നാടുകളും നഗരങ്ങളും ഇസ്‌ലാമിന്റെ കൊടിക്കൂറക്ക് കീഴിൽ അണിനിരക്കുകയും ഖുർആനികാന്തരീക്ഷത്തിൽ ജീവിച്ചു പരിചയമില്ലാത്ത ജനതതികൾ ഇസ്‌ലാമിക സമൂഹത്തിലേക്ക് കടന്നുവരികയും ചെയ്ത സവിശേഷ സാഹചര്യത്തിൽ, സ്വഹാബിവര്യന്മാരുടെ ഈ ആഹ്വാനത്തിന് പ്രാധാന്യം ഏറെയായിരുന്നു. അബ്ദുല്ലാഹിബ്നു മസ്ഊദ് നൽകിയ ഉപദേശം ശ്രദ്ധിക്കുക: "നിങ്ങൾ ഖുർആന്ന് സവിശേഷ ശ്രദ്ധ നൽകുക. നിങ്ങളുടെ പുതുതലമുറ ആ അന്തരീക്ഷത്തിൽ വളരാനും നിങ്ങളിലെ മുതിർന്നവർ ഈ സരണിയിൽ നിന്ന് അകലാതിരിക്കാനും ഇതാവശ്യമാണ്. സൂറ *അൽബഖറ* പാരായണം ചെയ്യുന്ന ഗൃഹങ്ങളിൽനിന്ന് പിശാച് ഓടിയകലും. ഖുർആന്ന് സവിശേഷ ശ്രദ്ധ നൽകുക എന്നുവെച്ചാലെന്താണ്? ഖുർആനെ മറ്റു പലതുമായി കൂട്ടിക്കലർത്താതിരിക്കുക" (*ഫദാഇലുൽ ഖുർആൻ*).

## ഖുർആന്ന് പ്രാമുഖ്യം

സൈന്യത്തെ വിന്യസിച്ചയക്കുമ്പോൾ ഖലീഫ ഉമർ(റ) നൽകിയ ഉപദേശങ്ങളിൽ ഒന്ന്, അധികമായി ഹദീസുകൾ ഉദ്ധരിക്കരുതെന്നായിരുന്നു. ജനങ്ങളുടെ ചിന്തകൾ ഖുർആന്റേതല്ലാത്ത ഇടങ്ങളിൽ മേഞ്ഞു നടന്നേക്കുമോ എന്ന ആശങ്കയായിരുന്നു കാരണം. ഖുറളതുബ്നു കഅ്ബ് പറയുന്നു: "ഇറാഖ് ലക്ഷ്യമാക്കി പുറപ്പെട്ടതാണ് ഞങ്ങൾ. ഉമറും കുറെ ദൂരം ഞങ്ങളെ അനുഗമിച്ചു. കുറെ വഴിദൂരം പിന്നിട്ടപ്പോൾ ഉമർ: 'ഞാൻ നിങ്ങളെ അനുഗമിച്ചതെന്തിനെന്നറിയാമോ?' 'ഞങ്ങൾ റസൂലിന്റെ അനുചരന്മാരായതുകൊണ്ട്'. ഉമർ: 'നിങ്ങൾ ചെല്ലുന്ന രാജ്യക്കാർക്ക് തേനീച്ചയുടെ മൂളൽ പോലെ ഒരു മർമരമുണ്ട്. ഖുർആൻ ഓതുകയാണവർ. ഹദീസുകളുദ്ധരിച്ച് ഖുർആനിൽ നിന്നവരെ നിങ്ങൾ അകറ്റരുത്. അവർക്ക് അതൊരു വിനയാകും. ഖുർആന്ന് നിങ്ങൾ സവിശേഷ സ്ഥാനം നൽകണം. റസൂലിൽ നിന്നുള്ള രിവായത്തുകൾ കുറക്കണം. മുന്നോട്ടു ഗമിച്ചുകൊള്ളൂ. ഞാനുമുണ്ടാവും നിങ്ങളോടൊപ്പം.' ഖുറള ഇറാഖിലെത്തിയപ്പോൾ ആ നാട്ടുകാർ: 'ഹദീസുകൾ ഉദ്ധരിച്ചാലും!' 'അത് പാടില്ലെന്ന് ഉമറുബ്നുൽ ഖത്വാബ് നിർദേശിച്ചിരിക്കുന്നു!' അബ്ദുല്ലാഹിബ്നു യസാർ പറഞ്ഞു: "അലി(റ) പ്രസംഗ മധ്യേ പറയുന്നത് ഞാൻ കേട്ടു: ഖുർആൻ അല്ലാത്ത വല്ല ലിഖിതവും ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ തിരിച്ചുചെന്ന് അത് മായ്ച്ചുകളയണം. തങ്ങളുടെ രക്ഷിതാവിന്റെ ഗ്രന്ഥം ഉപേക്ഷിക്കുകയും തങ്ങളിലെ പണ്ഡിതന്മാരുടെ വാക്കുകൾ പിൻപറ്റുകയും ചെയ്തതാണ് മുൻ സമുദായങ്ങളുടെ നാശഹേതു" (*ജാമിഉ ബയാനിൽ ഇൽമ്*).

ഈ രണ്ട് നിലപാടുകൾ ശൈഖ് മുഹമ്മദുൽ ഗസ്സാലി നിരീക്ഷിക്കുന്നതിങ്ങനെ: "ഉമറോ അലിയോ തുടങ്ങിയ ഇമാമുമാർ ആരും തന്നെ സുന്നത്തിനെ തള്ളിപ്പറയുകയല്ല, ഖുർആന്ന് അർഹമായ സ്വീകാരം നൽകണമെന്ന് ഊന്നിപ്പറയുകയാണ്. അതാണ് അതിന്റെ സ്വാഭാവികമായ ക്രമം. നിയമങ്ങളെയും ചട്ടങ്ങളെയും ഏകകമായെടുത്ത് അതിന്റെ സാകല്യത്തിൽ അഭിവീക്ഷിക്കുകയാണ്, ഏതെങ്കിലും ഒരു ഭാഗത്തിന്റെ വിശദാംശങ്ങൾ ചികയുന്നതിനേക്കാൾ കരണീയമായിട്ടുള്ളത്. ഈ വിശദാംശങ്ങൾ എല്ലാവർക്കും ആവശ്യമായേക്കില്ല. അതിപ്രധാനവും പ്രസക്തവുമായ അടിസ്ഥാനങ്ങളെക്കുറിച്ച് ചിന്തിക്കാനിടം നൽകാത്തവി

ധം ബുദ്ധിയെ അനാവശ്യമായ ഇടങ്ങളിൽ വ്യാപരിപ്പിക്കാനും അത് കാരണമായേക്കും" (*ഫിഖ്ഹുസ്സീറ*, മുഹമ്മദുൽ ഗസ്സാലി).

ഭാവിയിൽ ഉണ്ടാകുന്ന പരീക്ഷണ ഘട്ടങ്ങളെ വിജയപൂർവം തരണം ചെയ്യാൻ പ്രവാചകൻ നിർദേശിച്ച ചില കാര്യങ്ങൾ അലി(റ) ഉദ്ധരിക്കുന്നു: "ഭാവിയിൽ ഫിത്നകളും പരീക്ഷണങ്ങളും വരാനിരിക്കുന്നു" പ്രവാചകൻ പറഞ്ഞു. "എന്താണ് മോചനമാർഗം?" ഞാൻ ആരാഞ്ഞു. പ്രവാചകൻ വിശദീകരിച്ചു: "അല്ലാഹുവിന്റെ ഗ്രന്ഥം. നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ ചരിത്രം അതിലുണ്ട്. ഇനി വരാനുള്ളവരെ കുറിച്ച സൂചനകളും അത് നൽകുന്നുണ്ട്. നിങ്ങൾക്കിടയിൽ ഉളവാകുന്ന പ്രശ്നങ്ങൾക്കുള്ള വിധിതീർപ്പും ഈ ഗ്രന്ഥത്തിലുണ്ട്. അതാണ് നിർണായകമായ അവസാന വാക്ക്. അതിനെ ഉപേക്ഷിക്കുന്നവൻ- ഏത് ചക്രവർത്തിയാവട്ടെ- അവനെ അല്ലാഹു തറപറ്റിക്കും. ഈ ഗ്രന്ഥത്തിലല്ലാതെ മാർഗദർശനം ആരെങ്കിലും പരതിയാൽ അയാൾ വഴിപിഴച്ചതുതന്നെ. അല്ലാഹുവിന്റെ ശക്തമായ പാശമാണത്. അതാണ് ഋജുവായ മാർഗം" (ദാരിമി).

ഖുർആൻ ഉൾക്കൊള്ളുന്ന ആശയമാണ് യഥാർഥത്തിൽ പാരായാണം കൊണ്ട് സിദ്ധമാവേണ്ടതെന്ന് സ്വഹാബിമാർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദ് പറയുന്നു: "ഞങ്ങളിലൊരാൾ പത്ത് സൂക്തങ്ങൾ പഠിച്ചാൽ അതിന്റെ ആശയം അറിഞ്ഞ് അത് കർമപഥത്തിൽ കൊണ്ടുവരാതെ അടുത്ത സൂക്തങ്ങളിലേക്ക് കടക്കില്ല" (ഇബ്നു കസീർ).

ഈ ആശയം ഉമറുബ്നുൽ ഖത്വാബിന്റെ വാക്കുകളിൽ: "ഖുർആൻ പാരായണം ചെയ്യുന്നവൻ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. നാം സംസാരിക്കുന്ന ഭാഷയാണത്; അതേ വചനങ്ങളും. അവയനുസരിച്ചുള്ള കർമത്തെക്കുറിച്ചാണ് നിങ്ങൾ ചിന്തിക്കേണ്ടത്" (*ഫദാഇലുൽ ഖുർആൻ*).

അനസ്(റ) പറയുന്നു: "അൽബഖറയും ആലുഇംറാനും ഓതിപ്പഠിച്ചവന് ഞങ്ങൾക്കിടയിൽ വലിയ പദവിയായിരുന്നു" (*മുഖദ്ദിമ*- ഇബ്നു തൈമിയ്യ). ഉമറുബ്നുൽ ഖത്വാബ് (റ) സൂറത്തുൽ ബഖറ പഠിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്തത് പന്ത്രണ്ട് വർഷം കൊണ്ടാണ്. അത് കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു ഒട്ടകത്തെ അറുത്ത് ദാനം ചെയ്തു. മകൻ അബ്ദുല്ലാഹിബ്നു ഉമർ ഈ രണ്ട് അധ്യായങ്ങളും പഠിക്കാൻ എടുത്തത് എട്ടു വർഷമാണ് (*തദബ്ബുറുൽ ഖുർആൻ*).

അബ്ദുല്ലാഹിബ്നു മസ്ഊദ് പറയുന്നു: "ഖുർആനിലെ വചനങ്ങൾ ഹൃദിസ്ഥമാക്കുന്നത് ഞങ്ങൾക്ക് പ്രയാസകരമായിരുന്നു. അതനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു ഞങ്ങൾക്കെളുപ്പം. പക്ഷേ ഞങ്ങൾക്ക് ശേഷമുള്ളവരാവട്ടെ, അവർക്ക് ഹൃദിസ്ഥമാക്കാൻ എളുപ്പമാണ്. അതനുസരിച്ച് പ്രവർത്തിക്കുന്നത് പ്രയാസകരവും."

ഖുർആന്റെ വാഹകർ ഖുർആന്റെ വിധിവിലക്കുകൾ അറിയുന്നവരും പാലിക്കുന്നവരുമാണെന്ന പരികൽപനയായിരുന്നു സ്വഹാബിമാർക്കുണ്ടായിരുന്നത്. അബൂ മൂസൽ അശ്അരി, അബൂ അബ്ദിർറഹ്മാൻ സിൽമി, അബൂദ്ദർദാഅ്, ഇബ്നു അബ്ബാസ് തുടങ്ങിയ സ്വഹാബി പ്രമുഖർ ഖുർആൻ പഠിതാക്കളെയും പാരായണ വിദഗ്ധരെയും ഈ വസ്തുത കൂടെക്കൂടെ ഓർമിപ്പിക്കുമായിരുന്നു. ഖുർആനിലെ അക്ഷരങ്ങൾ മനഃപാഠമാക്കുന്നതിലുപരി ഖുർആനികാശയങ്ങൾ ഹൃദയത്തിൽ അരക്കിട്ടുറപ്പിക്കുകയായിരുന്നു അവരുടെ പഠനശൈലി. ജുൻദുബ്നു അബ്ദില്ല(റ) പറയുന്നു: "ഞങ്ങൾ യുവാക്കൾ ഖുർആനേക്കാൾ ആദ്യം പഠിച്ചത് ഈമാനാണ്. പിന്നെ ഖുർആൻ പഠിച്ചു. അതോടെ ഞങ്ങളുടെ ഈമാനും വർധിച്ചു" (ഇബ്നു മാജ).

ഖുർആൻ അഗാധമായി പഠിക്കാനും പരിചിന്തനം നടത്താനും ഉപദേശിക്കുന്നതോടൊപ്പം ജീവിതം ഖുർആന് വേണ്ടി സമർപ്പിക്കാനും അവർ ആവശ്യപ്പെട്ടു. അബ്ദുല്ലാഹിബ്നു മസ്ഊദ് തന്നെ സമീപിച്ച വ്യക്തിക്ക് നൽകിയ ഉപദേശം ശ്രദ്ധേയമാണ്: "നീ അല്ലാഹുവിന് ഇബാദത്ത് ചെയ്യുക. ശിർക്കിൽ അകപ്പെടരുത്. ഖുർആനോടൊപ്പം നീ ചരിക്കുക. സത്യം അത് കൊണ്ടുവരുന്നവൻ ശത്രുവായാലും അപരിചിതനായാലും അതുൾക്കൊള്ളാനുള്ള ആർജവം കാണിക്കുക." ഹുദൈഫത്ബ്നുൽ യമാൻ ആമിറുബ്നുൽ മതറിനോട് ചോദിച്ചു: "ജനങ്ങൾ ഒരു വഴിയിലും ഖുർആൻ മറ്റൊരു വഴിയിലും ആണെന്നിരിക്കട്ടെ. ആരോടൊപ്പമായിരിക്കും താങ്കൾ?" "ഞാൻ ഖുർആനോടൊപ്പമായിരിക്കും. അതിനു വേണ്ടി ജീവിക്കും, അതിന് വേണ്ടി മരിക്കും". മറുപടി കേട്ട ഹുദൈഫതുബ്നുൽ യമാൻ: 'അതെ, അതങ്ങനെയാണ് വേണ്ടത്' (*ഫദാഇലുൽ ഖുർആൻ*).

ഖുർആനെ പുറംതള്ളുകയും ജീവിതത്തിന്റെ രാജപാതയിൽനിന്ന് അതിനെ ആട്ടി പുറത്താക്കുകയും ചെയ്തത് ഇന്നലെ സംഭവിച്ച ദുരന്തമല്ല. അതിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. വിജ്ഞാനത്തിന്റെ ചില ശാഖകളിലാണ് മുസ്‌ലിംകൾ ശ്രദ്ധപതിപ്പിച്ചത്. ഫിഖ്ഹിന്റെയും വചനശാസ്ത്രത്തിന്റെയും മേഖലകളിൽ അവർ വ്യാപരിച്ചു. അതിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തി. പുരുഷായുസ്സ് മുഴുവൻ ആ രംഗങ്ങളിൽ ഹോമിച്ചവരുടെ പേരുകൾ എത്രയെങ്കിലും ഉദ്ധരിക്കാനാവും. അതിന് നിയമങ്ങളും ചട്ടങ്ങളുമുണ്ടാക്കി. ചട്ടങ്ങൾക്ക് വിശദീകരണങ്ങളെഴുതി. അതിന് അടിക്കുറിപ്പുകൾ. അതിന് ടിപ്പണികൾ. പിന്നെ അതിനൊരു സംക്ഷേപം. ഇതെല്ലാം ഖുർആന്റെ പേരിലാണന്നോർക്കണം. ശൈഖ് മുഹമ്മദുൽ ഗസ്സാലി ഈ പതനം വിശദീകരിക്കുന്നതിങ്ങനെ: "മുസ്‌ലിംകൾ ഖുർആനെ കൈയൊഴിഞ്ഞത് ഹദീസുകൾക്ക് പ്രാമുഖ്യം കൽപിച്ചതുകൊണ്ടാണ്. പിന്നെ ഹദീസുകളെ കൈവിട്ടത് ഇമാമുമാരുടെ അഭിപ്രായങ്ങൾക്ക് വേണ്ടി. പിന്നെ ഇമാമുമാരെ വലിച്ചെറിഞ്ഞത് കേവല അനുകർത്താക്കളുടെ ശൈലി സ്വീകരിച്ചാണ്. ഇസ്‌ലാമിക ചിന്തയുടെ ഈ ദുഃഖകരമായ പരിണതിയാണ് സർവ നാശത്തിനും നിമിത്തമായിത്തീർന്നത്. ദഹ്ഹാഖ്ബ്നു മുസാഹിം പറഞ്ഞതാണ് ശരി: "ഖുർആൻ വീടിന്റെ മച്ചിൽ കെട്ടിത്തൂക്കുന്ന ഒരുകാലം വരും. അതിൽ ചിലന്തി കൂടുകൂട്ടും. ജനങ്ങൾ പ്രവർത്തിക്കുന്നത് ഖുർആൻ അനുസരിച്ചാവില്ല. കുറേ കഥകളും വ്യാജോക്തികളും അടിസ്ഥാനമാക്കിയാവും" (*കയ്ഫ നതആമലു മഅൽ ഖുർആൻ*, മുഹമ്മദുൽ ഗസ്സാലി). ■